LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് കുന്നമ്മൽ വില്ലേജിലെ ഭൂമി ജില്ലാ രജിസ്ട്രാർ ഓഫീസിൽ വച്ച് രജിസ്റ്റർ ചെയ്തത് സംബന്ധിച്ച പരാതി

271 (2046) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കുന്നമ്മൽ വില്ലേജിൽ ശ്രീമതി ശ്രീലതയുടെ ഭൂമി സബ്രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യാതെ ജില്ലാ രജിസ്ട്രാർ ഓഫീസിൽ വെച്ച് രജിസ്റ്റർ ചെയ്തത് സംബന്ധിച്ച് ആക്ഷൻ കൗൺസിൽ കൺവീനർ ശ്രീ. കെ. കെ. സുരേഷ് നൽകിയ പരാതിയിൽ എന്തെല്ലാം നടപടികൾ വിജിലൻസ് വകുപ്പ് സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് ആരിൽ നിന്നെല്ലാം തെളിവെടുപ്പ് നടത്തിയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. കെ. സുരേഷിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഒരു സത്വരാന്വേഷണം (കൃ.വി 11/14/കെ.കെ.ഡി) കോഴിക്കോട് വിജിലൻസ് യൂണിറ്റ് നടത്തി റിപ്പോർട്ട് വിജിലൻസ് കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് വിജിലൻസ് കാര്യാലയത്തിൽ സൂക്ഷ്മ പരിശോധനയിലാണ്.

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. കെ. കെ. സുരേഷ്, ശ്രീമതി ശ്രീലത, വടകര അഡീഷണൽ തഹസീൽദാർ ശ്രീ. രവീന്ദ്രൻ, ആധാരം എഴുത്തുകാരൻ ശ്രീ. പി. സി. ബാബു എന്നിവരിൽ നിന്ന് തെളിവെടുപ്പ് നടത്തിയിട്ടുണ്ട്.

സർക്കാർ ഉദ്യോഗസ്ഥരുടെ കൈക്കൂലി കേസ്

272 (2147) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലി കേസ്സിൽ എത്ര ഉദ്യോഗസ്ഥർ പിടിക്കപ്പെട്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പിടിക്കപ്പെട്ടവരുടെ തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(സി) ഐ.പി.എസ്. ഉദ്യോഗസ്ഥനായ രാഹുൽ ആർ. നായർ ക്വാറി ഉടമയിൽ നിന്നും 17 ലക്ഷം രൂപ വാങ്ങിയതിന് വിജിലൻസ് കേസ് എടുത്തു എന്ന പത്രവാർത്ത ശരിയാണോ ;

(ഡി) ശരിയാണെങ്കിൽ അദ്ദേഹത്തിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?